**വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**16-09-2020**

**കേരള പാഠാവലി- X**

**പാവങ്ങൾ - 1**

♦ ഇനിയൊരിക്കലും ഞാൻ ഒരു ജീവിയേയും കൂട്ടിലിട്ട് വളർത്തില്ല എന്ന തിരിച്ചറിവിലേക്ക് കുട്ടികൾ എത്തിച്ചേർന്നതിന്റെ അനുഭവങ്ങൾ പങ്കു വെച്ചു.
വീട്ടിൽ അടച്ചിരിക്കേണ്ടി വന്ന കുട്ടികളുടെ അവസ്ഥയിൽ അനുതാപം പ്രകടിപ്പിച്ചു.

♦ സന്തോഷ കാലത്ത് സങ്കടവും സങ്കടകാലത്ത് സന്തോഷവും നിറക്കുന്ന ബീർബലിന്റെ ഒറ്റവാക്യം പരിചയപ്പെടുത്തി
ഈ കാലവും കടന്നു പോകും.

♦ പ്രതീക്ഷയോടെ ജീവിതത്തിൽ മുന്നോട്ട് പോകാൻ പ്രേരണ നൽകുന്ന ഒരു കാവ്യ ശകലം അവതരിപ്പിച്ചു.

എല്ലാം നശിച്ചു പോയിട്ടില്ല, പോകില്ല
വല്ലതും ശേഷിക്കുമെന്നു വിചാരിക്കെ
എന്തെന്തിതൻ കരളിലാനന്ദവും
മിഴിയിൽ വിശ്വാസവും പുതിയ ഭാവിയുടെ
തെളിവാർന്ന ജൈവ പ്രഭാവവും
- പുനലൂർ രാജൻ -

♦ യൂണിറ്റിലെ മുൻ പാഠഭാഗങ്ങളെ ഓർപ്പെടുത്തി
[ലക്ഷ്മണ സാന്ത്വനം, ഋതുയോഗം ]

♦ 'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് വെറും കെട്ടുകഥകളാണ്'
'ആടുജീവിത'ത്തിലെ ഈ പ്രസ്താവന ഓർമ്മിപ്പിച്ച് കൊണ്ട്
കെട്ടുകഥകളെയും വെല്ലുന്ന ചില ജീവിത കഥകൾ ഉണ്ടെന്ന് ഉണർത്തി.

♦ പാവങ്ങൾ എന്ന നോവലിനെ പരിചയപ്പെടുത്തി.

■ പാവങ്ങൾ - ഫ്രഞ്ച് - ലേ മിറാബലേ
■ ഇംഗ്ലീഷ് പരിഭാഷ - ഇസബൽ ഫ്ലോറൻസ് ഹാപ് ഗുഡ് - ലെസ് മിസറബിൾ
■ മലയാള പരിഭാഷ - നാലപ്പാട്ട് നാരായണ മേനോൻ - പാവങ്ങൾ
■ പാശ്ചാത്യ മഹാഭാരതം, നോവലുകളുടെ അമ്മ എന്നീ വിശേഷണങ്ങൾ ലഭിച്ച കൃതി.
■ പ്രമേയം -ഴാങ് വാർ ഴാങ് എന്ന പാവം മനുഷ്യന്റെ ജീവിത കഥ.

♦ പാഠ സന്ദർഭം വരെയുള്ള നോവൽ കഥ സംഗ്രഹിച്ച് പറഞ്ഞു.

■ ബ്രീ - ഫെവറോള എന്ന സ്ഥലത്തെ അനാഥനായ മരം വെട്ടുകാരൻ ഴാങ് വാൽ ഴാങ് .
■ സഹോദരിയുടെയും അവരുടെ ഏഴ് മക്കളുടെയും സംരക്ഷണ ചുമതല.
■ ഒരു ശൈത്യകാലത്ത്, കുട്ടികളുടെ വിശപ്പ് മാറ്റാൻ മൊബേർ ഇസാബോ എന്ന റൊട്ടിക്കച്ചവടക്കാരന്റെ കടയിൽ നിന്നും ചില്ല് തകർത്ത് റൊട്ടി മോഷ്ടിക്കുന്നു.

■ 5 വർഷം കഠിന ശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. 27 ദിവസം നീണ്ട കട്ടവണ്ടി യാത്രയ്ക്ക് ശേഷം തുലോങ് കപ്പൽ ശാലയിൽ എത്തി.
■ പെങ്ങളെയും കുട്ടികളെയും കാണാനുള്ള ആഗ്രഹത്താൽ നാലാം വർഷം ജയിൽ ചാടി. പിടിക്കപ്പെട്ടു.
■ 3 വർഷം കൂടി തടവ് ശിക്ഷ ലഭിച്ചു. പിന്നെയും മൂന്ന് തവണ ജയിൽ ചാടുകയും പിടിക്കപ്പെടുകയും ചെയ്തു.
■ അങ്ങനെ ഒരു റൊട്ടി മോഷ്ടിച്ചതിന്റെ പേരിൽ 19 വർഷം ജയിലിൽ കഴിയേണ്ടിവന്നു.
■ കുറ്റവാളികൾക്ക് ലഭിക്കുന്ന മഞ്ഞ പാസ്പോർട്ടുമായി സ്വന്തം നാടായ പൊന്താർലിയോയിലേക്ക് യാത്രയാകുന്നു .
■ എവിടെയും അഭയം ലഭിക്കുന്നില്ല.സത്രം നടത്തിപ്പുകാരനും മദ്യശാലാ നടത്തിപ്പുകാരനും ആട്ടിയോടിക്കുന്നു.
■ അഭയം തേടിപ്പോയ വീട്ടിലെ ഉടമസ്ഥൻ തോക്കുചൂണ്ടി ഓടിച്ചു. പട്ടിക്കൂട്ടിൽ നിന്നു പോലും പുറത്താക്കപ്പെട്ടു.
■ ശൈത്യമുള്ള രാത്രിയിൽ തെരുവിലെ കൽപലകയിൽ കിടന്നുറങ്ങുകയായിരുന്ന ഴാങ് വാൽ ഴാങ്ങിന് ഒരു വൃദ്ധ അഭയം തേടാൻ ഒരു വീട് കാണിച്ചു കൊടുത്തു.
■ ഡി പട്ടണത്തിലെ മെത്രാൻ ഴാങ് വാൽ ഴാങ്ങിന് ഹൃദ്യമായ സ്വീകരണം നൽകി. നിങ്ങൾ എന്റെ സഹോദരനാണ് എന്ന് പറഞ്ഞു കൊണ്ട് ആഹാരവും കിടക്കയും നൽകി.

♦ പിന്നീട് ഴാങ് വാൽ ഴാങ്ങിന് എന്തായിരിക്കും സംഭവിച്ചിട്ടുണ്ടാവുക
എന്ന ചോദ്യത്തിലൂടെ പാഠഭാഗത്തിന്റെ വായനയിലേക്ക് കടന്നു.

■ ആദ്യഭാഗം ഭാവാത്മകമായി വായിച്ചവതരിപ്പിച്ചു.

♦ വായനയിൽ എന്തൊക്കെ ശ്രദ്ധിക്കണം എന്ന് ഉണർത്തി.
■ അക്ഷരസ്ഫുടത
■ വ്യക്തത
■ ശബ്ദ ക്രമീകരണം
■ ഭാവം
തുടർപ്രവർത്തനം :
1. പാഠഭാഗം ഭാവാത്മകമായി വായിക്കുക.
2. പാഠഭാഗ സംഗ്രഹം തയ്യാറാക്കുക ?